Prot.No.MPL: 1/20/38

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മിൽ പലർക്കും അവധിക്കാലത്തിന്റെയും പുതുവർഷത്തിന്റെയും ആഘോഷങ്ങളുടെയും സന്തോഷത്തിന്റെയും സമയമാണിത്. പക്ഷേ ഓസ്ട്രേലിയ കാട്ടുതീയുടെ കെടുതിയിൽ അകപ്പെട്ടിരിക്കുന്ന ദുഃഖകരമായ വാർത്തകളാണ് ദിവസേനയെന്നോണം നാം കേൾക്കുന്നത്. രണ്ടു വർഷം മുൻപ് നമ്മുടെ കേരളത്തിലുണ്ടായ പ്രളയക്കെടുതിയാണ് എന്റെ മനസ്സിലേക്ക് ഓടിവരുന്നത്. കേരളം മുഴുവൻ അന്ന് പ്രളയക്കെടുതിയിലകപ്പെട്ടതുപോലെയാണ് ഇന്ന് ഓസ്ട്രേലിയയിൽ കാട്ടുതീയുടെ ഫലമായി നാം കേൾക്കുന്നത്. വലിയ നഗരങ്ങൾക്കു സമീപത്തുപോലും കാട്ടുതീ ചെന്നെത്തുന്നതും നമ്മുടെ രൂപതയിൽപെട്ട പലർക്കും വീടൊഴിഞ്ഞ് മാറി താമസിക്കേണ്ടി വരുന്നതുമൊക്കെ ഈ ദുരന്തത്തിന് എത്ര അടുത്താണ് നമ്മൾ എന്നത് ഓർമ്മിപ്പിക്കുന്നു. മനുഷ്യർക്ക് മാത്രമല്ല, മൃഗങ്ങളും സസ്യങ്ങളും എല്ലാം ഉൾപ്പെടുന്ന ജീവജാലങ്ങൾക്കു മുഴുവൻ ക്ലേശത്തിന്റെ സമയമാണിത്. കാട്ടുതീയിൽ ജീവനും കിടപ്പാടവും വളർത്തുമൃഗങ്ങളും കൃഷിയും സ്വത്തും നഷ്ടപ്പെട്ടവർ, പരസ്പരം അകന്നു കഴിയേണ്ടി വരുന്ന കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ. ഒന്നോ രണ്ടോ ദിവസത്തേക്കു മാത്രമല്ല, ഒരു പക്ഷേ ഏറെക്കാലം ഈ ക്ലേശങ്ങളോട് പലർക്കും ശാരീരികവും മാനസികവുമായി പൊരുതേണ്ടി വന്നേക്കാം. നമ്മുടെ സഹോദരങ്ങളുടെ അഗാധമായ ദുഃഖം നമുക്ക് പങ്കുവയ്ക്കാം. അവർക്കൊപ്പം പ്രാർത്ഥനയിലും സ്നേഹത്തിലും ചേർന്നു നില്ക്കാം. തങ്ങളുടെ കുടുംബവുമൊത്തുള്ള സന്തോഷത്തിന്റെ സമയം മുഴുവൻ മാറ്റിവച്ച് കാട്ടുതീക്കെതിരെ പൊരുതുകയും സേവനം ചെയ്യുകയും ചെയ്യുന്ന അനേകം സന്നദ്ധപ്രവർത്തകരെയും നമുക്ക് ഓർമ്മിക്കാം.

നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും ഒരു മണിക്കൂറെങ്കിലും ആരാധന നടത്തുന്നതിനും, വിശുദ്ധ കുർബാനയിൽ ഓസ്ട്രേലിയയെ സവിശേഷമായി ഓർമ്മിക്കുന്നതിനും, കാട്ടുതീയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിനുമായി ഞായറാഴ്ച ഒരു കളക്ഷൻ നടത്തുന്നതിനും ആഹ്വാനം ചെയ്യുന്നു. പൂർണ്ണമനസ്സോടെ ഇതിൽ

സഹകരിക്കുന്നതിന് എല്ലാവരെയും ക്ഷണിക്കുന്നു. നിങ്ങളുടെ സമൂഹത്തിന്റെ സംഭാവന നേരിട്ട് ഉത്തരവാദിത്തപ്പെട്ട അധികാരികൾ വഴി അയച്ചുകൊടുക്കുകയോ അല്ലെങ്കിൽ 'Bush Fire Appeal' എന്ന റഫറൻസോടെ താഴെക്കാണുന്ന അക്കൗണ്ടിലേക്ക് ഒരാഴ്ചക്കുള്ളിൽ അയച്ചുതരികയോ ചെയ്യേണ്ടതാണ്:

Account Name: The SyroMalabar Eparchy

BSB: 083 347

Account Number: 247851691

സമാഹരിക്കുന്ന സംഭാവന എത്രയും വേഗം രൂപതാകേന്ദ്രത്തിൽനിന്നും ഓസ്ട്രേലിയയിലെ National St. Vincent de Paul സംഘടനക്ക് അയച്ചു കൊടുക്കുന്നതാണ്.

നമ്മുടെ കർത്താവിന്റെ ജ്ഞാനസ്നാനവും പരസ്യജീവിതത്തിന്റെ തുടക്കവും അനുസ്മരിക്കുന്ന ദനഹാക്കാലത്തിലേക്ക് നമ്മൾ കടക്കുകയാണല്ലോ. തന്റെ ജീവിതകാലം മുഴുവൻ നമ്മുടെ കർത്താവ് ദുഃഖിതരുടെയും ക്ലേശിതരുടെയും ആശ്രയമായിരുന്നു. ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കു വേണ്ടി നമ്മൾ ചെയ്യുന്നതെല്ലാം നമ്മുടെ കർത്താവിനുവേണ്ടിയാണ് ചെയ്യുന്നത് എന്ന് നമുക്ക് അനുസ്മരിക്കാം.

സ്നേഹത്തോടെ

ബോസ്കോ പിതാവ്　　　　2020 ജനുവരി 04

NB: ഈ സർക്കുലർ 2020 ജനുവരി 5–ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.